<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3616 19.02.2013- ൽ മറുപടിയ്ക്ക്

<u>ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പത്തോളജിസ്റ്റ് തസ്തികയിൽ നിയമനം</u>

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ :** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പത്തോളജിസ്റ്റ് തസ്തികയിൽ നിയമനത്തിനായി പി. എസ്. സി. കാറ്റഗറി നമ്പർ 059/2012 പ്രകാരം നിയമനത്തിന് അപേക്ഷ ക്ഷണിച്ചിരുന്നുവോ എന്നറിയിക്കാമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഓഡിയോളജിസ്റ്റ് ആൻഡ് സ്പീച്ച് പത്തോളജിസ്റ്റ് തസ്തികയുടെ നിയമനത്തിനായി 59/2012 പ്രകാരം അപേക്ഷ ക്ഷണിച്ചിരുന്നു. |
| (ബി) ഇതേ കാറ്റഗറി നമ്പർ ആയി 2013 ൽ വീണ്ടും അപേക്ഷ ക്ഷണിച്ചിരുന്നുവോയെന്നും എങ്കിൽ ഇതിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ ; | (ബി) | ഇല്ല. എന്നാൽ പെൻഷൻ പ്രായം 56 ആയി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള ഉയർന്ന പ്രായപരിധി 35 ൽ നിന്നും 36 ആയി ഉയർത്തിയതിനെത്തുടർന്ന് കാറ്റഗറി നമ്പർ 59/12 ഉൾപ്പെടെയുള്ള വിവിധ തസ്തികകൾക്ക് ടി ഉയർന്ന പ്രായപരിധിയിൽപ്പെട്ടവർക്ക് കൂടി അപേക്ഷിക്കുന്നതിലേക്കായി 31.12.12 - ലെ ഗസറ്റ് വിജ്ഞാപനപ്രകാരം ഒരു കൂട്ടിച്ചേർക്കൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം പ്രായപരിധി 35 നും 36 നും ഇടയിൽ വരുന്ന ആദ്യ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് 15.01.2013 വരെ അപേക്ഷിക്കാൻ അവസരം നല്കിയിട്ടുണ്ട്. |
| (സി) ആദ്യം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം അപേക്ഷിച്ചവർക്ക് പരീക്ഷയെഴുതാൻ അവസരം ലഭിക്കുമോയെന്നും ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരി - ക്കുമോയെന്നും അറിയിക്കുമോ ? | (സി) | ആദ്യ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കും കൂട്ടിച്ചേർക്കൽ വിജ്ഞാപനപ്രകാരം അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികൾക്കും ഗസറ്റ് വിജ്ഞാപനപ്രകാരമുള്ള യോഗ്യതയുണ്ടെങ്കിൽ ഒരു പരീക്ഷ വഴിയാണ് തെരഞ്ഞെടുപ്പ് നടത്തുന്നതെങ്കിൽ പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ